ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിൽ കേന്ദ്രസർക്കാർ മാറ്റം വരുത്തിയാൽ മാത്രമേ നഷ്ടപരിഹാരം നൽകാൻ കഴിയൂ.

ദുരിതമനുഭവിക്കുന്ന കർഷകത്തൊഴിലാളികൾക്ക് ധനസഹായം

63 (3090) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം ദുരിതമനുഭവിക്കുന്ന കർഷകത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച 1,000 രൂപയുടെ ധനസഹായം നാളിതുവരെ എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ധനസഹായം അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡ്-19-മൂലം സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 1,000 രൂപ വീതം ധനസഹായം നൽകുന്നതിന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച 55 കോടി രൂപ, 553041 തൊഴിലാളികൾക്ക് വിതരണം ചെയ്തു. കോവിഡിന്റെ രണ്ടാം തരംഗത്തിൽ 1000 രൂപ വീതം ധനസഹായം നൽകുന്നതിന് സർക്കാർ 2021 ജൂലൈ മാസത്തിൽ 61 കോടി രൂപ അനുവദിച്ചതിൽ 493887 തൊഴിലാളികൾക്ക് 49,38,87,000 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുകയുടെ വിതരണം നടന്നുവരികയാണ്.

ജനസാന്ത്വനം പദ്ധതി

64(3091) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതിയിലൂടെ വിഭാവനം ചെയ്ത പദ്ധതികൾ ആരോഗ്യ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ വിവിധ പദ്ധതികൾ മുഖേനയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെയും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly